# ഡാമേജസ് റദ്ദാക്കിയതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ സമർപ്പിച്ച അപ്പീൽ തള്ളിക്കളഞ്ഞു

## മദ്രാസ് ഹൈക്കോടതി

C.M.A. No. 1030/2020 Dt. 12.8.2020

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ
x
നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

കമ്പനിയിൽ ആയിരത്തിലധികം കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഇ.എസ്.ഐ. നിയമം 2011-ൽ ബാധകമാക്കി സർക്കാർ വിജ്ഞാപനമിറക്കി. അത് നടപ്പിലാക്കാൻ മേനേജ്മെന്റ് തീവ്രശ്രമം നടത്തി. എന്നാൽ, കരാർ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ട ഫോം പൂരിപ്പിക്കുക ദുഷ്കരമായിരുന്നു. നിയമം ബാധകമാക്കിയ തീയതി മുതൽ അതിനുള്ള ശ്രമം കമ്പനി ആരംഭിച്ചെങ്കിലും വിജയിച്ചില്ല. നിരക്ഷരരായ കരാർ തൊഴിലാളികൾ പലയിടത്തായി ചിതറിക്കിടക്കുകയായിരുന്നു. അവരെ ഒരുമിച്ചുകൂട്ടി ഫോം പൂരിപ്പിച്ചുവാങ്ങാൻ കമ്പനിക്ക് സാധിക്കാതെ വന്നപ്പോൾ ആ ദൗത്യം കരാറുകാരെ ഏല്പിച്ചു. അവർ മുഖേന പൂരിപ്പിച്ചുകിട്ടിയ ഫോമുകൾ ഓൺലൈനായി സമർപ്പിക്കാൻ കൂടുതൽ ശ്രദ്ധ ആവശ്യമുള്ളതിനാൽ വളരെ കാലതാമസം വന്നു. കമ്പനി അതിന്റെ പരമാവധി കഴിവ് ഉപയോഗിച്ച് വിവരങ്ങൾ സമർപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഒരു വർഷം കഴിഞ്ഞാണ് ഇ.എസ്.ഐ. കോർപ്പറേഷൻ 2012-ൽ കമ്പനിക്ക് കോഡ് നമ്പർ അനുവദിച്ചത്. കോഡ് നമ്പർ അനുവദിക്കാതെ വിഹിതമടയ്ക്കുക അസാധ്യമായിരുന്നതിനാൽ 2012-ലാണ് കമ്പനി വിഹിതമടച്ചത്. വിഹിതമടച്ചു കഴിഞ്ഞയുടനെ ഡാമേജസും പലിശയും ചുമത്തിക്കൊണ്ട് ഇ.എസ്.ഐ. അധികൃതർ ഉത്തരവ് പുറപ്പെടുവിച്ചു. പലിശ അടച്ചു തീർത്ത കമ്പനി പ്രതിഷേധത്തോടെ ഡാമേജസും അടച്ചു. അതിനു ശേഷം സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഡാമേജസ് ഒഴിവാക്കണമെന്ന് കമ്പനി കോർപ്പറേഷനോട് ആവശ്യപ്പെട്ടു. കമ്പനിയുടെ ആവശ്യം നിരാകരിക്കപ്പെട്ടപ്പോൾ അത് എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. ആയിരത്തിലധികം നിരക്ഷരരായ കരാർ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ചേർക്കുന്നതിന് വളരെയധികം സമയം വേണ്ടിവന്നതും കോഡ് നമ്പർ നല്കാൻ വൈകിയതും സവിശേഷ സാഹചര്യമാണെന്ന് വിലയിരുത്തിയ ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. സവിശേഷവും അപൂർവ്വവുമായ കേസുകളിൽ ഡാമേജസ് പൂർണ്ണമായും ഒഴിവാക്കാൻ നിയമം അനുവദിക്കുന്നുണ്ടെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. സ്ഥാപനത്തിന്റെ കാര്യത്തിൽ സവിശേഷവും അപൂർവ്വവുമായ സാഹചര്യം നിലനില്ക്കുന്നുണ്ടെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും ഡാമേജസ് ചുമത്തിയ ഉത്തരവ് റദ്ദാക്കുകയും ഇ.എസ്.ഐ. കോർപ്പറേഷന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.